**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1036** **06-02-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടിപ്പുഴയുടെ തീരസംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ തുറയൂർ, ചെറുവണ്ണൂർ, ചങ്ങരോത്ത്, ചക്കിപ്പാറ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കുറ്റ്യാടി പുഴയുടെ തീരം ഇടിഞ്ഞുതകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പുഴയുടെ തീരം സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ; നിലവിൽ തീരം കെട്ടിസംരക്ഷിച്ചത് ഏതെല്ലാം ഭാഗത്താണെന്നും ഇനി എത്ര ഭാഗം കെട്ടിസംരക്ഷിക്കേണ്ടതുണ്ടെന്നും വിശദമാക്കാമോ; | (ബി) | 2020-21 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി G.O (Rt.) No.45/2021/WRD തീയതി 22.01.2021 പ്രകാരം കുറ്റ്യാടി പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തികൾക്കായി 10 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ചെറുവണ്ണൂർ ചങ്ങരോത്ത് എന്നീ പഞ്ചായത്തുകളിലായി 2760m നീളത്തിൽ തീര സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തുറയൂർ പഞ്ചായത്തിൽ വരുന്ന കുറ്റ്യാടി പുഴയുടെ ഇടതുകര 280m നീളത്തിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. |
| (സി) | ശേഷിക്കുന്ന ഭാഗം കെട്ടിസംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 2020-21 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി G.O (Rt.) No.45/2021/WRD തീയതി 22.01.2021 പ്രകാരം കുറ്റ്യാടി പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തികൾക്കായി 10 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ചെറുവണ്ണൂർ ചങ്ങരോത്ത് എന്നീ പഞ്ചായത്തുകളിലായി 2760m നീളത്തിൽ തീര സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തുറയൂർ പഞ്ചായത്തിൽ വരുന്ന കുറ്റ്യാടി പുഴയുടെ ഇടതുകര 280m നീളത്തിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ